# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 24 | 10.06.2013-ൽ മറുപടിയ്ക്ക്

### കണ്ടൽ വനങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>,, വി. എം. ഉമ്മർ മാസ്റ്റർ<br>,, എം. ഉമ്മർ<br>,, സി. മോയിൻകുട്ടി | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

| | |
|---|---|
| എ) കണ്ടൽ വനസംരക്ഷണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | എ) കണ്ടൽ വനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന പ്രയോജനങ്ങളും കണക്കിലെടുത്ത് അന്താരാഷ്ട്ര ജൈവ വൈവിദ്ധ്യ വർഷമായ 2010 ൽ കണ്ടലുകൾ പരിരക്ഷിക്കുന്നതിനായി സംസ്ഥാന വനം വന്യജീവി വകുപ്പ് ഒരു പദ്ധതി നടപ്പിലാക്കുകയും ആയതിന് സംസ്ഥാന സർക്കാർ 2010 11 സാമ്പത്തിക വർഷത്തിൽ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി നിലവിലുള്ള കണ്ടലുകളെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനും ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടിയുടെ ഭാഗമായി കണ്ടൽചെടികൾ ഉൽപ്പാദിപ്പിക്കുക അവ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക. കണ്ടൽ സംരക്ഷിച്ച് നിലനിർത്താൻ താല്പര്യമുള്ള സ്വകാര്യ |

വ്യക്തികൾക്ക് നിശ്ചിത തുക പാരിതോഷികമായി നൽകുക, കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും സ്വഭാവിക പുനരുജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുക, വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടലുകളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങളാണ് വനം വകുപ്പ് നടപ്പിലാക്കി വരുന്നത്.

ബി) സ്വകാര്യ കണ്ടൽ വനങ്ങൾ സംരക്ഷിക്കുവാൻ സഹായം നൽകുന്ന പദ്ധതി യുടെ നടത്തിപ്പിന്റെ വിശ ദാംശം നൽകാമോ;

ബി) Kerala Promotion of Tree Growth in Non-Forest Areas (Amendment Act 2007) Section 6 (3) പ്രകാരം സ്വകാര്യ കണ്ടൽക്കാടുകൾ പ്രത്യേക വിജ്ഞാപനം വഴി സംരക്ഷിക്കാവുന്നതും നശിപ്പിക്കുന്നവർക്കെതിരെ നടപടിയെടുക്കാവുന്നതുമാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടൽ വനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് അന്താരാഷ്ട്ര ജൈവ വൈവിദ്ധ്യ വർഷമായ 2010 ൽ കണ്ടലുകൾ പരിരക്ഷിക്കുന്നതിനായി സംസ്ഥാന വനം വകുപ്പ് പദ്ധതി തയ്യാറാക്കുകയും, ആയതിന് 14.09.2010 ലെ GO(Rt) No.402/10/F&WLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിനാൽ

നിലവിലുള്ള കണ്ടലുകളെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനും ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടിയുടെ ഭാഗമായി കണ്ടൽച്ചെടികൾ ഉൽപ്പാദിപ്പിക്കുക അവ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക, കണ്ടൽ സംരക്ഷിച്ച നിലനിർത്താൻ താല്പര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന മാർഗ്ഗ രേഖയുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000/ രൂപാ പാരിതോഷികമായി നൽകുക, കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും സ്വാഭാവിക പുനരുജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുക, വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടലുകളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ വനം വകുപ്പ് നടത്തി വരുന്നുണ്ട്. കൂടാതെ കണ്ടൽക്കാടുകളെ സംബന്ധിച്ച് 05.12.2005 ലെ ദേശീയ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് വേമ്പനാട്, കണ്ണൂർ എന്നീ മേഖലകളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും വേണ്ടിയുള്ള ഒരു പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകാരത്തോടെ വനം വകുപ്പ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| സി) | സ്വകാര്യ കണ്ടൽപ്രദേശങ്ങൾക്ക് നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള പദ്ധതികൾ ഏതെല്ലാം ജില്ലകളിൽ നടപ്പാക്കി; ആയതുമൂലം എത്ര ഹെക്ടർ കണ്ടൽ വനം സർക്കാർ അധീനതയിലായി; വ്യക്തമാക്കുമോ; | സി) ഇതേവരെ നടപ്പിലാക്കിയിട്ടില്ല. നടപടി സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| ഡി) കണ്ടൽ വനം വച്ചുപിടിപ്പി ക്കാൻ അനുയോജ്യമായ പ്രദേശങ്ങൾ ഏതെല്ലാം; ആയത് സംബന്ധിച്ച് വിവര ശേഖരണം നടത്തുമോ? | ഡി) | കൊല്ലം ജില്ലയിൽ മൺട്രോത്തുരുത്തും, കോട്ടയം ജില്ലയിൽ വേമ്പനാട് കായലിന്റെ തീരപ്രദേശങ്ങളും, തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്കിൽ പുല്ലറ്റ് വില്ലേജിൽ ചാപ്ര ഗുരുശ്രീ റോഡിന്റെ വശങ്ങളിലും മലപ്പുറം ജില്ലയിൽ ചേലേമ്പ്ര, വള്ളിക്കുന്ന്, മംഗലം എന്നീ സ്ഥലങ്ങളിലും കാസർഗോഡ് ജില്ലയിൽ ഉപ്പുവെള്ളത്തിന്റെ സ്വാധീനമുള്ള പുഴക്കരകളും, തുരുത്തുകളും കോഴിക്കോട് ജില്ലയിൽ ഫറോക്ക്, കടലുണ്ടി പഞ്ചായത്തിലുള്ള കല്ലുവാറ, കോഴിക്കോട് കോർപ്പറേഷനിലെ കല്ലായി പുഴയുടെ തീരം, പയ്യോളി പഞ്ചായത്തിലുള്ള കൊളാവി, ചെങ്ങോട്ട്കാവ് പഞ്ചായത്തിലുള്ള ഉള്ളൂർക്കടവ്, വടകര മുനിസിപ്പാലിറ്റിയിലെ സാന്റ് ബാങ്ക്, അഴിയൂർ പഞ്ചായത്തിലുള്ള അഴിയൂർ, മാഹി പുഴയുടെ തീരം, കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ അണയലക്കടവ് എന്നിവിടങ്ങളിലെല്ലാം കണ്ടൽ വച്ചുപിടിപ്പിക്കുവാൻ അനുയോജ്യമായ സ്ഥലങ്ങളാണ്. |

സെക്ഷൻ ഓഫീസർ